**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അർഹരായ മുഴുവൻ പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും ഭവന നിർമ്മാണ ആനുകൂല്യം നൽകുന്നതിന് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാറിന്റെ സമഗ്ര പാർപ്പിടപദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധന സഹായം അനുവദിക്കുന്നത് . വിവിധ പദ്ധതികളിലൂടെ നിർമ്മാണം ആരംഭിച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിച്ചിരുന്ന പട്ടിക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ വീടുകൾ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട് . ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായവും ലൈഫ് മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ആർജിക്കുന്നതിനുള്ള ധന സഹായവും അനുവദിച്ചു വരുന്നു. ഇതിനു പുറമേ TRDM മുഖേന പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിക്കുന്നുണ്ട്. |
| (ബി) | പട്ടികജാതി, പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 2021-22, 2022-23 വർഷത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | ലൈഫ് മിഷൻ മുഖേന പട്ടികജാതി പട്ടിക വർഗ വിഭാഗകാർക്ക് ഭവന നിർമ്മാണത്തിന് 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് 278 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 300 കോടി രൂപയും ലൈഫ് മിഷന് നൽകിയിട്ടുണ്ട് .<br><br>പട്ടികവർഗ വികസന വകുപ്പ് ഈ ഇനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 140കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 140 കോടി രൂപ ലൈഫ് മിഷന് അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ